Draft #1 of File 21573/AD A1/1/2019/AD A 1 Approved by DEPUTY REGISTRAR I (ADMINISTRATION) on 04-Jul-2019 04:36 PM - Page 1

150 YEARS OF CELEBRATING THE MAHATMA

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## സംഗ്രഹം

ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സർവ്വകലാശാലയിൽ നിയമക്കപ്പെടുന്നവരുടെ സർവ്വീസ് വെരിഫിക്കേഷൻ - പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തി പബ്ലിക് സർവ്വീസ് കമ്മീഷന് അയയ്ക്കുന്നതിനായി ഭരണവിഭാഗം അസിസ്റ്റൻറ് രജിസ്ട്രാർ 1-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണ വിഭാഗം എ 1 സെക്ഷൻ

നമ്പർ. 3123/AD A 1/2019/എം.ജി.യു — പി.ഡി. ഹിൽസ്,തീയതി: 04.07.2019

---

പരാമർശം:-1. സ.ഉ. (അച്ചടി) നം. 41/2010/ഉ.ഭ.പ.വ. തീയതി 14.12.2010.

2. സ.ഉ. (അച്ചടി) നം. 20/2011/ഉ.ഭ.പ.വ. തീയതി 30.06.2011.

3. ഈ ഓഫീസിലെ 28.04.2018-ലെ എഡി.എ1-1-519/2016 നമ്പർ കത്ത്.

## ഉത്തരവ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 14.12.2010 മുതലുള്ള എല്ലാ നിയമനങ്ങളിലും പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന് പുറമെ പി.എസ്.സി.-യുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കൂടി വാങ്ങിയ ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥൻ സർവ്വീസിൽ പ്രവേശിച്ച് പരമാവധി ഒരാഴ്ച്ചക്കം സേവനപുസ്തകം തുറക്കേണ്ടതും ടി പുസ്തകത്തിലെ പേര്, മേൽവിലാസം, വിരലടയാളം, ഒപ്പ്, പേഴ്സണൽ ഐഡൻറിഫിക്കേഷൻ മാർക്ക് എന്നിവ ഉൾപ്പെടുന്ന പുറങ്ങളുടെ പകർപ്പുകൾ നിയമനാധികാരി സാക്ഷ്യപ്പെടുത്തി പബ്ലിക് സർവ്വീസ് കമ്മീഷന് അയയ്ക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

ഇതിൻ പ്രകാരം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഈ സർവ്വകലാശാലയിൽ നിയമിക്കപ്പെടുന്നവരുടെ സേവന പരിശോധനയ്ക്ക് ആവശ്യമായ പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തി പി.എസ്.സി.-ക്ക് അയയ്ക്കുന്നതിനായി ഭരണവിഭാഗം അസിസ്റ്റൻറ് രജിസ്ട്രാർ 1 ആയിരുന്ന ശ്രീ. മനോജ് കുമാർ കെ എസ്-നെ ചുമതലപ്പെടുത്തുകയും, പ്രസ്തുത വിവരം പരാമർശം (3) പ്രകാരം പി.എസ്.സി.-യിലേക്ക് അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ, ശ്രീ. മനോജ് കുമാർ കെ എസ്, സർവ്വീസിൽ നിന്നും വിരമിച്ചതിനെത്തുടർന്ന്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സർവ്വകലാശാലയിൽ നിയമിക്കപ്പെടുന്നവരുടെ താഴെപ്പറയുന്ന പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തി പി.എസ്.സി.-ക്ക് അയയ്ക്കുന്നതിനായി ശ്രീ. പ്രേംകുമാർ ആർ, അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം)-നെ ചുമതലപ്പെടുത്തി രജിസ്ട്രാർ (i/c) ഉത്തരവായിരിക്കുന്നു.

1. സർവ്വീസ് വെരിഫിക്കേഷൻ പ്രൊഫോർമ
2. പേര്, ജനനത്തീയതി, മേൽവിലാസം, ഒപ്പ്, പേഴ്സണൽ ഐഡൻറിഫിക്കേഷൻ മാർക്ക്, വിരലടയാളം എന്നിവ രേഖപ്പെടുത്തിയ സർവ്വീസ് ബുക്കിൻറെ പേജുകളുടെ ശരിപ്പകർപ്പുകൾ
3. ആദ്യനിയമനം, ഇപ്പോഴത്തെ നിയമനം എന്നിവ തെളിയിക്കുന്ന പേജ്, നിയമന ശിപാർശ കത്ത്, ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ ശരിപ്പകർപ്പുകൾ.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ശ്രീരാജ് ആർ

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
2. അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം)
3. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
5. ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം)
6. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല
7. പബ്ലിക് റിലേഷൻസ് ഓഫീസർ /എഡി.എII/III/IV/V
8. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് /കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
9. റിക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 21573/AD A1/1/2019/AD A 1 Approved by DEPUTY REGISTRAR I (ADMINISTRATION) on 04-Jul-2019 04:36 PM - Page 2